**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2075** **30-07-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്കാണ് ഓൺലൈൻ പഠന സൗകര്യങ്ങളില്ലാത്തതെന്ന് അറിയിക്കാമോ; ഇവ ഏതെല്ലാം ആദിവാസി കോളനികളിലാണെന്ന് വിശദീകരിക്കാമോ; ഓൺലൈൻ ഉപകരണങ്ങളുടെ അഭാവമാണോ, ഇന്റർനെറ്റ്- കേബിൾ കണക്ടിവിറ്റി ഇല്ലാത്തതാണോ, വൈദ്യുതീകരണം നടക്കാത്തതാണോ ഇതിന് കാരണമെന്ന് തരം തിരിച്ച് വിശദീകരിക്കാമോ; | (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിലെ എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഗ്രൂപ്പായി പഠനം നടത്തുന്നതിനായി പഠനമുറി, താത്ക്കാലിക പഠനകേന്ദ്രങ്ങൾ, ബദൽ സ്കൂളുകൾ, അംഗൻവാടികൾ, വായനശാലകൾ എന്നിവ മുഖേനയുള്ള സൗകര്യങ്ങൾ ലഭ്യമാണ്. എന്നാൽ നടപ്പ വർഷം ഇന്ററാക്ടീവ് എഡ്യൂക്കേഷന് മുൻഗണന നൽകി പഠനം നടത്തുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതിനാൽ നിലവിൽ 786 വിദ്യാർത്ഥികൾക്ക് സ്വന്തം നിലയിൽ പഠന സൗകര്യങ്ങൾ കുറവായിട്ടുണ്ട്. ഇവ പ്രധാനമായും അമരമ്പലം, ചുങ്കത്തറ, എടക്കര, കരുവായി, മൂത്തേടം, പോത്തുകല്ല്, നിലമ്പൂർ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ വിവിധ കോളനികളിലാണ്. ഓൺലൈൻ ഉപകരണങ്ങളുടെ കുറവ്, ഇന്റർനെറ്റ് കേബിൾ കണക്ടിവിറ്റി ലഭ്യത കുറവ്, വൈദ്യുതി ലഭ്യതയില്ലായ്മ എന്നിവ ആയതിന് കാരണമായിട്ടുണ്ട്. |
| (ബി) | കൈറ്റ് വഴി പൊതുവിദ്യാലയങ്ങളിൽ വിതരണം ചെയ്ത കമ്പ്യൂട്ടറുകൾ തിരിച്ചെടുത്ത് ആദിവാസി മേഖലകളിലെ കുട്ടികൾക്ക് വിതരണം ചെയ്യാമെന്ന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 25.06.2021-ലെ ഉത്തരവ് പ്രകാരം മണ്ഡലത്തിലെ ഏതെല്ലാം ആദിവാസി കോളനികളിലാണ് ഇപ്രകാരം കമ്പ്യൂട്ടറുകൾ വിതരണം ചെയ്തതെന്ന് അറിയിക്കാമോ; | (ബി) | കൈറ്റ് വഴി വിതരണം ചെയ്ത ലാപ്ടോപ്പുകൾ തിരിച്ചെടുത്ത് വിതരണം ചെയ്യുന്ന നടപടികൾ പൂർത്തിയായിട്ടില്ല. |
| (സി) | മണ്ഡലത്തിലെ ആദിവാസി കോളനികളിലെ അംഗൻവാടികൾ, വായനശാലകൾ, ക്ലബ്ബുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ സ്മാർട്ട് ടി.വി. യും കേബിൾ കണക്ഷനും സ്ഥാപിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന് ഫണ്ട് അനുവദിക്കാനാകുമോ; ഇതിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ? | (സി) | കണക്ടിവിറ്റി ലഭ്യമല്ലാത്ത കോളനികളിൽ കണക്ടിവിറ്റി ലഭ്യമാക്കുന്നതിന് ആവശ്യമായ ചിലവ് വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും വഹിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അംഗൻവാടികൾ, വായന ശാലകൾ, ക്ലബ്ബുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ |

| | | | |
|---|---|---|---|
| | | | സ്മാർട്ട് ടി.വി. യും കേബിൾ കണക്ഷനും സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ